(ബി) രോഗങ്ങളും സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകളും വർദ്ധിക്കുന്നതുമൂലം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ വികസനപ്രവർത്തനങ്ങൾ ഘട്ടംഘട്ടമായാണ് നടന്നുവരുന്നത്. 7-2-2011-ൽ പദവി ഉയർത്തപ്പെട്ട ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടി കൈക്കൊണ്ടുവരുന്നുണ്ട്.

(ബി&സി) നടപടി സ്വീകരിച്ചുവരികയാണ്.

സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരണം

49 (738) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകൾ വിവിധ രോഗനിർണ്ണയ ടെസ്റ്റുകൾക്ക് അന്യായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സ്വകാര്യ ലാബുകളുടെയും വിവിധ ടെസ്റ്റുകളുടെ ഫീസ് നിരക്ക് ഏകീകരിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ടെസ്റ്റും അതിന് ഫീസായി ഈടാക്കാവുന്ന നിരക്ക് സംബന്ധിച്ചും ഉള്ള വിശദാംശം നൽകാമോ;

(സി) ഫീസ് നിരക്കുകൾ ഏകീകരിച്ച് നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല; ബാധകമല്ല.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, മറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടി 'ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly